പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1706 16.03.2015- ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

ചോദ്യം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയവാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ. |
| (ബി) | ഇവയുടെ അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (ബി) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച അർഹതാമാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>വികലാംഗപെൻഷൻ:</u> 40% വും അതിനു മുകളിലും അംഗവൈകല്യമുള്ളവർക്ക് 1 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്കുള്ളിലാണെങ്കിൽ വികലാംഗപെൻഷന് അർഹതയുണ്ടായിരിക്കും.<br>2. <u>അഗതി (വിധവ) പെൻഷൻ</u> : വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർ വിവാഹം ചെയ്യിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.<br>3. <u>ദേശീയവാർദ്ധക്യകാല പെൻഷൻ</u> : കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 60 വയസ്സിനു മുകളിൽ പ്രായമുള്ള കുടുംബവാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയ്ക്കുള്ളിലുമായ വ്യക്തിക്ക് പെൻഷന് അർഹതയുണ്ട്.<br>4. <u>50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ</u> : 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ടി പെൻഷൻ നൽകി വരുന്നു. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന |

| | | | |
|---|---|---|---|
| | | | പരിധി ഒരു ലക്ഷം രൂപയാണ്. |
| (സി) | ഒന്നിലധികം പെൻഷനുകൾ വാങ്ങുന്നതിന് നിലവിൽ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | 12.02.2015 ലെ സ.ഉ (എം.എസ്) നമ്പർ 8/2015 സാനീവ നമ്പർ ഉത്തരവ് പ്രകാരം മറ്റ് പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിത വരുമാന പരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും. |
| (ഡി) | ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിൽ നിന്നും 20.06.2014, 12.02.2015 തീയതികളിൽ ഇറങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ഡി) | 20.06.2014 ലെ ജി.ഒ (എം.എസ്) 52/14/ സാനീവ ഉത്തരവ്, 12.02.2015 ലെ ജി.ഒ (എം.എസ്) 8/2015 സാനീവ ഉത്തരവ് ഇവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

[redacted]

അനുബന്ധം [redacted]

നം. 12546/ഡി1/14/സാനീവ

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി - അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഭേദഗതി ചെയ്ത് ഒരു ലക്ഷം രൂപയായി ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്)നം. 52/2014/സാനീവ തീയതി, തിരുവനന്തപുരം,20.06.2014

---

പരാമർശം:- (1) 20.7.2013ലെ സ.ഉ(എം.എസ്)നം 59/2013/സാനീവ
(2) 4.11.2013ലെ സ.ഉ(എം.എസ്)നം 93/2013/സാനീവ

## ഉത്തരവ്

സാമൂഹ്യനീതിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ മൂന്ന് ലക്ഷം രൂപയായി ഉയർത്തി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര സർക്കാർ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ അർഹതയ്ക്കുള്ള പ്രായം 65-ൽ നിന്ന് 60 വയസായി കുറച്ചതിനെ തുടർന്ന് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസായി കുറച്ച് പരാമർശം 2 പ്രകാരം ഉത്തരവായി.

സാമൂഹ്യ സുരക്ഷ പെൻഷൻ അർഹതയ്ക്കുള്ള വാർഷികവരുമാന പരിധി, പ്രായപരിധി എന്നീ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റത്തെ തുടർന്ന് പെൻഷൻ അപേക്ഷകരുടെ എണ്ണത്തിൽ ക്രമതീതമായ വർധനയുണ്ടായി. വാർഷിക വരുമാനം 3 ലക്ഷം രൂപയായി ഉയർത്തുമ്പോൾ കാർഷിക/വ്യവസായ/പ്രവാസി മേഖലയിലും വരുമാനം കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്ത ഇതര മേഖലയിൽപ്പെട്ടവരുടെയും കുടുംബാംഗങ്ങളിൽ നിന്നുള്ള അപേക്ഷയിൽ മേൽ വരുമാനം എങ്ങനെ തീരുമാനിക്കുമെന്നതു സംബന്ധിച്ച് നിരവധി ചോദ്യങ്ങളും സംശയങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എ.പി.എൽ/ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന വ്യാപകമായ ആക്ഷേപങ്ങളും പരാതികളും പരിഗണിച്ചും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും സമൂഹത്തിൽ ദരിദ്രരും അവശരും നിരാലംബരും നിരാശ്രയരുമായ വിഭാഗത്തിനായി രൂപീകരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതിയുടെ മാനദണ്ഡം പുനർനിർണ്ണയിച്ചുകൊണ്ടുള്ള 20.07.13ലെ സ.ഉ.(എം.എസ്) നം.59/13/സാനീവ ഭേദഗതി ചെയ്ത് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

i) സംസ്ഥാനത്തു സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന
ൃസുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ
ക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50
നുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
ടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച്
ാകുന്നു.

ii) മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം
ന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ
ദിക്കാവുന്നതാണ്.

iii) ടി ഉത്തരവിന് 1.4.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

iv) 1.4.2014 മുതൽ പ്രാബല്യം നൽകുമ്പോൾ, 20.7.2013ലെ
വനുസരിച്ച് പെൻഷൻ ലഭിച്ച വ്യക്തികളുണ്ടെങ്കിൽ, അവരിൽനിന്നും
ത തുക ഈടാക്കേണ്ടതില്ല.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

വന്യു കമ്മീഷണർ, തിരുവനന്തപുരം
ക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ണ്ടന്റ് ജനറൽ (എ&ഇ/), കേരള, തിരുവന്തപുരം
യത്ത് ഡയറക്ടർ, തിരുവനന്തപുരം
ാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർമാർക്കും
ഭരണ(എസ്.സി.) വകുപ്പ് (18.6.2014 ലെ 3909 ഇനം നം.5383 പ്രകാരം)
ര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
ശ സ്വയംഭരണ വകുപ്പ്
മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
ക്ടർ, ഐ.എം.ജി., തിരുവനന്തപുരം
ലൈബ്രേറിയൻ, പബ്ലിക് ലൈബ്രറി, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ൽ ഫയൽ/ഓഫീസ് പകർപ്പ്.

ി:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പി.എസ്.-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

19

11004/C1/14/SJD

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി - അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവിൻമേൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്)നം.08/2015/സാനീവ തീയതി, തിരുവനന്തപുരം, 12.02.2015

---

പരാമർശം:-
1. 20.06.2014 ലെ സ.ഉ(എം.എസ്)നം 52/2014/സാനീവ ഉത്തരവ്
2. 6.6.2012ലെ സ.ഉ(സാധാ)276/12/സാക്ഷേവ നം. ഉത്തരവ്
3. 31.12.2012ലെ സ.ഉ(സാധാ)577/12/സാക്ഷേവ നം. ഉത്തരവ്

## ഉത്തരവ്

സംസ്ഥാനത്തു സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ലെ പരാമർശ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ് എന്നും ഉത്തരവായിരുന്നു.

ഏതൊക്കെ പെൻഷനുകളെ ഈ ഉത്തരവിന്റെ പരിധിയിൽപ്പെടുത്താമെന്നതു സംബന്ധിച്ചുള്ള വ്യക്തതയും ക്ഷേമ പെൻഷനുകൾക്ക് അർഹത തെളിയിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകണമെന്നതു സംബന്ധിച്ചും നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- മറ്റു പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിതവരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിയ്ക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും ആയത് ഏത് സുരക്ഷാ പെൻഷൻ ആണെന്നത് ഗുണഭോക്താവിനു തെരഞ്ഞെടുക്കാവുന്നതാണ്.
- അപേക്ഷകൻ വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് അധികാരികളിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

* പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുള്ളവർക്ക് UID നിർബന്ധമാക്കി പെൻഷൻ തുക ബാങ്ക്/പോസ്റ്റോഫീസ്/ട്രഷറിസേവിംഗ്സ് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതു പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ 1.4.2015 മുതൽ പെൻഷൻ വിതരണം ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റോഫീസ്/ട്രഷറിസേവിംഗ്സ് അക്കൗണ്ട് വഴി വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരളാ മിഷനും എല്ലാ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരും കൈക്കൊള്ളേണ്ടതാണ്.

ലാന്റ് റവന്യൂ കമ്മീഷണർ, സാമൂഹ്യനീതി ഡയറക്ടർ, പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ, ഇൻഫർമേഷൻ കേരള മിഷൻ, ജില്ലാ കളക്ടർമാർ, തദ്ദേശഭരണമേധാവികൾ എന്നിവർ മേൽപ്പറഞ്ഞ ഉത്തരവുകൾ നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിലേക്ക്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിലേക്ക്)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പി.എസ്.-ന്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

സെക്ഷൻ ഓഫീസർ